"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - വയനാട് മേപ്പാടിയിലെ ഡോ.മൂപ്പൻസ് സ്കൂൾ ഓഫ് നേഴ്സിംഗിൽ ജി.എൻ.എം. നേഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.145/2024/H&FWD തീയതി, തിരുവനന്തപുരം, 06-07-2024

---

പരാമർശം:-
1. സ.ഉ (അ) നം. 64/2012/ആ.കു.വ തീയതി 17.02.2012.
2. വയനാട് മേപ്പാടി ഡി.എം. എഡ്യൂക്കേഷൻ & റിസർച്ച് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ട്രസ്റ്റിയുടെ 10.8.2023 തീയതിയിലെ അപേക്ഷ.
3. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 06.03.2024 തീയതിയിലെ ജി.127303/23/എൻ.സി നമ്പർ കത്ത്.

<u>ഉത്തരവ്</u>

വയനാട് ഡോ. മൂപ്പൻസ് മെഡിക്കൽ കോളേജിനോടനുബന്ധമായി 60 സീറ്റോടുകൂടി ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സ് ആരംഭിക്കുന്നതിനായി വയനാട് മേപ്പാടി ഡി.എം. എഡ്യൂക്കേഷൻ & റിസർച്ച് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ട്രസ്റ്റി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. 60 സീറ്റോടുകൂടി ജി.എൻ.എം കോഴ്സ് ആരംഭിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ നിർദ്ദിഷ്ട സ്കൂൾ കെട്ടിടത്തിനും ക്ലിനിക്കൽ സൗകര്യങ്ങൾ ഡോ. മൂപ്പൻസ് മെഡിക്കൽ കോളേജിനുമുള്ളതായി കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ പരാമർശം (3) കത്ത് പ്രകാരം ലഭ്യമാക്കിയ പരിശോധന റിപ്പോർട്ടിൽ സൂചിപ്പിക്കുകയും നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നതിന് ശിപാർശ നൽകുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം സൂക്ഷ്മ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വയനാട് മേപ്പാടി ഡി.എം. എഡ്യൂക്കേഷൻ & റിസർച്ച് ഫൗണ്ടേഷന്റെ ഉടമസ്ഥതയിലുള്ള ഡോ.മൂപ്പൻസ് നേഴ്സിംഗ് സ്കൂൾ, നസീറ നഗർ, മേപ്പാടി, വയനാട് എന്ന സ്ഥാപനത്തിൽ വാർഷിക വിദ്യാർത്ഥി പ്രവേശനശേഷി 60 ആയി നിജപ്പെടുത്തി 2024-25 അദ്ധ്യയന വർഷം മുതൽ ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സ് ആരംഭിക്കുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ജി.എൻ.എം നേഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം 1 സർക്കാർ ഉത്തരവിലെ നിബന്ധനകൾ, നേഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന

മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/ റഗുലേഷനുകൾ എന്നിവ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

സി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission എന്നിവ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ട്രസ്റ്റീ, ഡി.എം.എഡ്യൂക്കേഷൻ & റിസർച്ച് ഫൗണ്ടേഷൻ, നസീറ നഗർ, മേപ്പാടി പി.ഒ, വയനാട് - 673 577.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 06-07-2024 16:23:33
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (അറിവിലേയ്ക്കായി)